"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മുൻസിപ്പൽ കോമൺ സർവ്വീസിൽ സീനിയർ ഗ്രേഡ് ഡ്രൈവർമാരായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.ബൈജു.എൻ.ആർ മുതൽ പേർ ഫയൽ ചെയ്ത ഒ.എ നം.1879/2020 - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 25/11/2020 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1382/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 23/07/2021

---

പരാമർശം:- 1) ശ്രീ.ബൈജു.എൻ.ആർ സമർപ്പിച്ചിട്ടുള്ള 18/09/2020 തീയതിയിലെ നിവേദനം (അനക്ഷർ-എ5)

2) ശ്രീ.ബൈജു.എൻ.ആർ മുതൽപേർ ഫയൽ ചെയ്ത ഒ.എ നം.1879/2020 ന്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 25/11/2020 തീയതിയിലെ വിധിന്യായം.

3) നഗരകാര്യ ഡയറക്ടറുടെ 15/03/2021 തീയതിയിലെ ഇ8-1154/2019 നമ്പർ കത്ത്

**ഉത്തരവ്**

നഗരകാര്യ ഡയറക്ടറുടെ 27/09/2019 ലെ ഇ8/23128/2014(1) നമ്പർ ഉത്തരവിൽ പ്രൊമോഷന് പ്രാബല്യം നൽകിയിട്ടുള്ള തീയതി മുതൽ സാമ്പത്തിക ആനുകൂല്യം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.ബൈജു.എൻ.ആർ കൊല്ലം മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി മുഖേന സർക്കാരിന് സമർപ്പിച്ചിട്ടുള്ള പരാമർശം (1) പ്രകാരമുള്ള അനക്ഷർ-എ5 നിവേദനം പരിഗണിക്കുന്നതിന് എതിർകക്ഷികൾക്ക് നിർദ്ദേശം നൽകണമെന്ന ആവശ്യത്തോടെ മുൻസിപ്പൽ കോമൺ സർവ്വീസിൽ സീനിയർ ഗ്രേഡ് ഡ്രൈവർമാരായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.ബൈജു.എൻ.ആർ മുതൽപേർ ഫയൽ ചെയ്ത ഒ.എ.നം.1879/2020 ന്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (2) പ്രകാരമുള്ള വിധിന്യായത്തിൽ ടി വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച് മൂന്നു മാസത്തിനകം അനക്ഷർ-എ5 നിവേദനത്തിന്മേൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ടി കേസിലെ ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് ബഹു.ട്രൈബ്യൂണൽ നിർദ്ദേശിച്ചിരുന്നു..

2) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ മേൽ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ അനക്ഷർ-എ5 നിവേദനം സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധിച്ചു. 03/06/2013 ലെ സ.ഉ (എം.എസ്) നം.267/2013/ധന പ്രകാരം ഡ്രൈവർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് 1:1:1 എന്ന അനുപാതത്തിൽ റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവായിട്ടുള്ളതാണെന്നും അതിന്റെ അടിസ്ഥാനത്തിൽ റേഷ്യോ പ്രൊമോഷൻ

അനുവദിക്കുന്നതിനായി കൊല്ലം മുൻസിപ്പൽ കോർപ്പറേഷനിൽ ഡ്രൈവർ ഗ്രേഡ്-II തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.ബൈജു.എൻ.ആർ ഫയൽ ചെയ്ത ഒ.എ നം.41/2019 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 28/01/2019 തീയതിയിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടറുടെ 27/09/2019 ലെ ഇ6-23128/14(1) (2) ഉത്തരവ് നടപടികൾ പ്രകാരം LDV, HDV തസ്തികയിലെ ജീവനക്കാർക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണെന്നും 2013 ൽ ലഭിക്കേണ്ടിയിരുന്ന റേഷ്യോ പ്രൊമോഷൻ 2019 നാണ് കിട്ടിയതെന്നും ആയതിനാൽ 2013 മുതൽ സാമ്പത്തികാനുകൂല്യം അനുവദിക്കണമെന്നുമാണ് ശ്രീ.ബൈജു.എൻ.ആർ മുതൽപേരുടെ അപേക്ഷയിലുള്ള ആവശ്യമെന്നും, 14/01/2010 ലെ 5/2010/ധന പ്രകാരം ഉത്തരവ് തീയതിയ്ക്ക് ഒരു വർഷം മുമ്പുള്ള സാമ്പത്തികാനുകൂല്യം മാത്രമേ അനുവദിക്കാവൂ എന്ന് ഉത്തരവായിട്ടുള്ളതാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ടി ഉത്തരവ് പ്രകാരമുള്ള സാമ്പത്തികാനുകൂല്യങ്ങൾക്ക് മാത്രമേ ടി ജീവനക്കാർക്ക് അർഹതയുള്ളൂവെന്നും പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

3) ഒരു തസ്തികയുടെ അനുവദിച്ചിട്ടുള്ള കേഡർ സ്ട്രെങ്ത് (Sanctioned Cadre Strength ) ന്റെ അടിസ്ഥാനത്തിൽ ശമ്പള പരിഷ്കരണ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന അനുപാതത്തിലാണ് റേഷ്യോ പ്രൊമോഷൻ നൽകുന്നത്. ശ്രീ.ബൈജു.എൻ.ആർ മുതൽപേരുടെ അനക്ഷർ-എ3 നിവേദനത്തിൽ 2013 ൽ ലഭിക്കേണ്ടിയിരുന്ന റേഷ്യോ പ്രൊമോഷൻ 2019 നാണ് കിട്ടിയതെന്നും ആയതിനാൽ 2013 മുതൽ സാമ്പത്തികാനുകൂല്യം അനുവദിക്കണമെന്നുമാണ് ആവശ്യം. എന്നാൽ KSR ഭാഗം I റൂൾ 23(d) യിൽ (25/11/2010 ലെ G.O (P) No.629/2010/Fin (SRO No.1084/2010) പ്രകാരം കൂട്ടിച്ചേർക്കപ്പെട്ടത് ) നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥ പ്രകാരം പ്രൊമോഷൻ ഉത്തരവ് തീയതിക്ക് പരമാവധി ഒരു വർഷം മുൻപ് വരെ സാമ്പത്തികാനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. ആയതിനാൽ ടിയാൻ ആവശ്യപ്പെട്ടിരിക്കുന്ന 2013 മുതൽ സാമ്പത്തികാനുകൂല്യം അനുവദിക്കുവാൻ കഴിയുകയില്ല

4) മേൽ സാഹചര്യത്തിൽ, നഗരകാര്യ ഡയറക്ടറുടെ 27/09/2019 ലെ ഇ8/23128/2014(1) നമ്പർ ഉത്തരവിൽ പ്രൊമോഷന് പ്രാബല്യം നൽകിയിട്ടുള്ള തീയതി മുതൽ സാമ്പത്തിക ആനുകൂല്യം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.ബൈജു.എൻ.ആർ മുതൽപേർ സമർപ്പിച്ചിട്ടുള്ള പരാമർശം (1) പ്രകാരം സമർപ്പിച്ചിട്ടുള്ള ശ്രീ.ബൈജു.എൻ.ആർ ന്റെ അനക്ഷർ-എ5 നിവേദനത്തിലെ ആവശ്യം നിരസിച്ചുകൊണ്ട് ഉത്തരവാകുന്നു.

5) പരാമർശം (2) പ്രകാരമുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം മേൽപ്പറഞ്ഞ പ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

രമണി മാത്യൂ

അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, കൊല്ലം മുൻസിപ്പൽ കോർപ്പറേഷൻ

സെക്രട്ടറി, കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ

ശ്രീ.ബൈജു.എൻ.ആർ, സീനിയർ ഗ്രേഡ് ഡ്രൈവർ, കൊല്ലം മുൻസിപ്പൽ

കോർപ്പറേഷൻ (നഗരകാര്യ ഡയറക്ടർ മുഖേന)

ശ്രീ.സുമേഷ് കുമാർ.ഡി, സീനിയർ ഗ്രേഡ് ഡ്രൈവർ, കൊച്ചി മുൻസിപ്പൽ കോർപ്പറേഷൻ (നഗരകാര്യ ഡയറക്ടർ മുഖേന)

ശ്രീ.സന്തോഷ്.ആർ, സീനിയർ ഗ്രേഡ് ഡ്രൈവർ, കൊല്ലം മുൻസിപ്പൽ കോർപ്പറേഷൻ (നഗരകാര്യ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ